ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. കേരള സംസ്ഥാനത്ത് ആദ്യമായി പൂർണ്ണമായി ദേശസാല്ക്കരിക്കപ്പെട്ട മേഖല നെയ്യാറ്റിൻകര താലൂക്കാണ്. മറ്റ് യാതൊരു ബസ് സൗകര്യങ്ങളും ഇല്ലാത്ത വളരെ ദുരിത പൂർണ്ണമായ അനുഭവമാണ് യാത്രാരംഗത്ത് ഉണ്ടായിരുന്നത്. 1983-വരെ 54 ഷെഡ്യൂളുകളോടെ മാത്രം ആരംഭിച്ച സ്ഥാനത്ത് ഈ ഗവൺമെൻറ് വന്നതിനുശേഷം 119 ഷെഡ്യൂളുകളും ഇന്ന് ആരംഭിച്ചിട്ടും ഇപ്പോഴും യാത്രാക്ലേശം വളരെ കഷ്ടത്തിലാണ് എന്നു പറയുന്നതിനോട് യോജിക്കാൻ സാദ്ധ്യമല്ല. ഈ സഭയിലിരിക്കുന്ന പലർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഇന്ന് 119 ഷെഡ്യൂളുകളുണ്ട്. ഒരു എക്സ്പ്രസ് ബസ്സും 15 ഫാസ്റ്റ് പാസ്സഞ്ചർ ബസ്സും 103 ഓർഡിനറി സർവ്വീസുകളും ഇവിടെ നിന്ന് പുറപ്പെടുകയാണ്. 119 ഷെഡ്യൂളുകളും കൃത്യമായി ഓപ്പറേറ് ചെയ്യണമെങ്കിൽ 133 ബസ്സുകളും ആവശ്യമാണ്. ബസ്സിന്റെ കുറവു മൂലം 106 ബസ്സുകളും മാത്രമേ അവിടെ അനുവദിക്കപ്പെടുവാൻ കഴിയുകയുള്ളു. എന്റെ സുഹൃത്ത് ശ്രീ. തങ്കരാജ് പറഞ്ഞത് കുറേയൊക്കെ ശരിയാണ്. ഈ അടുത്ത കാലത്ത് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പരാധീനതകൊണ്ട് കൃത്യമായി ടയർ വാങ്ങാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണ്. ഇന്ന് 22 ബസ്സ് ടയർ ഇല്ലാതെ ഇവിടെ കിടക്കുകയാണ്. ഇന്നലേയും ഞാൻ അവിടെ പോയതാണ്, നെയ്യാറ്റിൻകര യൂണിറ് ആഫീസിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട മേഖല എന്ന നിലയിൽ അവിടത്തെ യാത്രാക്ലേശം വളരെ വേഗം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. രണ്ടാഴ്ചക്കകത്തു തന്നെ മുഴുവൻ സർവ്വീസുകളും കൃത്യമായി ഓടിക്കാൻ ഉള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിരിക്കുകയാണ്.

(2) വികസന അതോറിറ്റികളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എ. സി. ജോസ് : കേരളത്തിൽ 10 വർഷത്തിന് മുമ്പ് ആരംഭിച്ച കൊച്ചിയിലേയും കോഴിക്കോട്ടേയും തിരുവനന്തപുരത്തേയും വികസന അതോറിറ്റികളിൽ ജോലി ഒചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ പ്രശ്നമാണ് ഞാൻ അടിയന്തിരമായി ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ അതോറിറ്റികളിൽ കഴിഞ്ഞ 10 വർഷം മുമ്പുതന്നെ സ്ഥിരമായി ആളുകളെ നിയമിച്ചിരുന്നു. അവർക്ക് എല്ലാ തരത്തിലുള്ള സർക്കാർ നിയമങ്ങളും നിബന്ധനകളും സർവ്വീസ് റൂൾസും എല്ലാം ബാധകമാണ്. പക്ഷേ ഇന്നുവരെ അവർക്ക് പെൻഷൻ കൊടുത്തിട്ടില്ല. പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിട്ടുള്ള ഏക അർദ്ധസർക്കാർ സ്ഥാപനം ഇത് മാത്രമാണ്. അതുപോലെതന്നെ അവരോടൊപ്പം ജോലിചെയ്യുന്ന ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ള എല്ലാവർക്കും പെൻഷൻ കൊടുക്കാനുള്ള നടപടികളും സ്വീകരിച്ച് അത് കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഡെപ്യൂട്ടേഷനിൽ ഇരിക്കുന്ന ആളുകൾക്ക് പെൻഷൻ കൊടുക്കുകയും അതേ അവസരത്തിൽ തന്നെ ഈ വികസനഅതോറിറ്റിയിൽ ജോലി ചെയ്യുന്ന സ്ഥിരമായ ജോലിക്കാർക്ക് പെൻഷൻ ഇല്ലാത്ത ഒരു സ്ഥിതിവിശേഷവുമാണ് ഉണ്ടായിരിക്കുന്നത്. ഇതിന് ഒരു പരിഹാരം കാണണമെന്ന് അവർ പല പ്രാവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്നുവരെ അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടില്ല. ഒരു വർഷം മുമ്പ് ഈ വിഷയം ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ചോദ്യോത്തരവേളയിൽ ആശ്യപ്പെട്ടപ്പോഴും മന്ത്രിഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ഗവൺമെന്റ് ഈ കാര്യത്തിൽ സത്വരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഗവൺമെന്റിനു് ഇത് ഏറ്റെടുത്താൽ ചെലവാക്കേണ്ടിവരില്ല. വികസന അതോറിറ്റികൾ ആവുന്നത്ര വേഗത്തിൽ ആ ജീവനക്കാർക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഈ വികസന അതോറിറ്റികളും അതോട് ബന്ധപ്പെട്ട മറ്റ് വികസന അതോറിറ്റികളിലെ ജീവനക്കാർക്കും പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി വേഗം സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പരിഗണനയിലുണ്ട്. ഇപ്പോഴും യാതൊരുവിധമായ റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീമുകളും ഡവലപ്പുമെന്റ് അതോറിറ്റികൾക്ക് നിലവിലില്ല. അതേ അവസരത്തിൽ കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ്ഫണ്ട് സ്കീമാണ് ട്രേഡർ കൊച്ചിൻ ഡവലപ്പുമെന്റ് അതോറിറ്റിക്കും ട്രിവാൻഡ്രം ഡവലപ്പുമെന്റ് അതോറിറ്റിക്കും ഇന്ന് നിലവിലുള്ളത്. ഡവലപ്പുമെന്റ് അതോറിറ്റികൾ പ്രത്യേകമായ ഒരു വരുമാന പ്രസ്ഥാനമല്ലാത്തതുകൊണ്ട് പെൻഷൻ സ്കീം അവർക്ക് സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട അംഗവും സമ്മതിച്ചിട്ടുണ്ടായിരുന്നു. ഏതായാലും അവർക്ക് കെ. എസ്. ആർ. പാർട്ട് ഒന്നും, രണ്ടും അനുസരിച്ചുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകി കഴിഞ്ഞിട്ടുണ്ട്. കെ. എസ്. ആർ. പാർട്ട് മൂന്ന്. പെൻഷൻ സ്കീമിനെ ബാധിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അസോസിയേഷനുകളുമായി ചർച്ച നടത്തുകയും അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഏതായാലും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അത് അംഗീകരിച്ചിട്ടില്ല. അത് അംഗീകരിക്കുവാൻ സാദ്ധ്യമല്ലെന്ന് പറഞ്ഞു മറുപടിയും തന്നിട്ടുണ്ട്. വീണ്ടും ആ കാര്യം ഉന്നയിക്കുകയും പെൻഷൻ മാത്രമായിട്ട് ഡവലപ്പുമെന്റ് അതോറിറ്റികളിലെ ജീവനക്കാർക്ക് കൊടുക്കാതിരിക്കുന്നത് ശരിയല്ല എന്നും ആ നിലക്ക് വീണ്ടും ആ കാര്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ മുൻപിൽ പരിഗണനയിലിരിക്കുകയാണ്.

(3) കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയ സ്ഥിതി

ശ്രീ. കെ. ജെ. ജോർജ് : കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയമായ സ്ഥിതിയിലേക്ക് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. അവിടെ ഉദ്ദേശം 750—ഓളം രോഗികളുണ്ട്. അവർക്കുള്ള താമസ സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും വളരെ കുറവാണ്. അവിടെ ഒരു ഓപ്പറേഷൻ തീയേറ്ററിന്റെ പണി തുടങ്ങിയിട്ട് 7 വർഷമായി. ആ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമെന്നാണ് എന്റെ വിശ്വാസം. ഇതുവരെ ആ കാര്യങ്ങളിൽ ഒരു മാറ്റവും വന്നിട്ടില്ല. പണി തുടങ്ങിയിട്ട് 7 വർഷമായിട്ടും ഇന്നുവരെ ഓപ്പറേഷൻ തീയേറ്ററിന്റെ പണി തീർന്നിട്ടില്ല. അവിടെ ഇപ്പോൾ ഒരു ഓപ്പറേഷൻ കേസ് വന്നാൽ അവരെ നൂറനാട്ടിലേക്കോ, തൃശ്ശൂരുള്ള ഡാമിയൻ കുഷ്ഠരോഗാശുപത്രിയിലേക്കോ ആണ് കൊണ്ടുപോകുന്നത്. രോഗികളും അവരുടെ സ്വന്തം ചെലവിൽ വേണം അവിടെ പോകുവാൻ. സാമ്പത്തികശേഷിയില്ലാത്ത രോഗികളും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly